**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4539** **01-07-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ പ്രസ്ഥാനത്തെ ശാക്തീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഏത് സഹകരണ സംഘത്തെക്കുറിച്ചും കൃത്യമായ വിവരങ്ങൾ ലഭ്യമാക്കി സുതാര്യത ഉറപ്പ വരുത്തുന്നതിനുള്ള കോ-ഓപ്പറേറ്റീവ് ഓഡിറ്റ് മോണിറ്ററിംഗ് ആൻഡ് ഇൻഫർമേഷൻ സിസ്റ്റം പൂർണ്ണ തോതിൽ പ്രാവർത്തികമായിട്ടുണ്ടോ; | (എ) | സഹകരണ ഓഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി I.C.D.M.S. പ്രോജക്ടിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ഓഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CA.M.IS.) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്.<br><br>സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും, മറ്റ് ഫങ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും,ഓഡിറ്റ് സംബന്ധിച്ച വിവരങ്ങളും C.A.M.I.S. ലൂടെ പൊതുജനങ്ങൾക്ക് ഉൾപ്പെടെ ഓൺലൈനായി www.camis.kerala.gov.in എന്ന പേജിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.<br><br>സംഘങ്ങളുടെ അംഗീകരിച്ച ഓഡിറ്റ് റിപ്പോർട്ടിലെ വിവരങ്ങളാണ് C.A.M.I.S. ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഓഡിറ്റ് പൂർത്തിയാക്കുന്ന മുറയ്ക്ക് സംഘങ്ങളുടെ വിവരങ്ങൾ C.A.M.I.S. -ൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>സഹകരണ സംഘങ്ങളുടെ അടിസ്ഥാന വിവരങ്ങളും ഓഡിറ്റ് സംബന്ധിച്ച വിവരങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിലൂടെ സുതാര്യത ഉറപ്പ് വരുത്തുന്നതിനും, ജനങ്ങളുടെ വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിനും, യുവജനങ്ങൾ ഉൾപ്പെടെ കൂടുതൽ ജനവിഭാഗങ്ങളെ സഹകരണ മേഖലയിലേക്ക് ആകർഷിക്കുന്നതിനും C.A.M.I.S. ലൂടെ സാധിച്ചിട്ടുണ്ട് |
| (ബി) | കേന്ദ്ര സർക്കാരിന്റെ നവലിബറൽ നയങ്ങൾക്ക് ബദലായി സഹകരണ പ്രസ്ഥാനത്തെ | (ബി) | സഹകരണ പ്രസ്ഥാനത്തെ ശാക്തികരിക്കാൻ ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

ശാക്തീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

**1.കേരള സഹകരണ സംഘം പുനരുദ്ധാരണ നിധി പദ്ധതി**

പ്രവർത്തന ക്ഷമമായ പദ്ധതികൾ/ സാധ്യതയുള്ള പദ്ധതികൾ എന്നിവയുടെ അടിസ്ഥാനത്തിൽ ദുർബലമായ സഹകരണസംഘങ്ങളുടെ പ്രവർത്തനങ്ങളെ പുനരാസൂത്രണം ചെയ്യുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യുകയും പ്രവർത്തന മൂലധനത്തിന്റെ അഭാവം മൂലം പ്രവർത്തനങ്ങൾ മന്ദഗതിയിലായ സഹകരണസംഘങ്ങളുടെ പുനരുജ്ജീവനം, അസാധാരണമായ സാഹചര്യത്തിൽ പ്രവർത്തനം നിലച്ചതും എന്നാൽ പ്രവർത്തന സാധ്യതയുള്ളതുമായ സംഘങ്ങളുടെ പുനരുദ്ധാരണം എന്നീ ലക്ഷ്യങ്ങളോടെ 1969 ലെ കേരള സഹകരണ നിയമം ചട്ടം 53 ന്റെ ഭേദഗതി നടത്തി കേരള സഹകരണ സംഘം പുനരുദ്ധാരണ നിധി പദ്ധതി എന്ന പേരിൽ ഒരു പദ്ധതി രൂപീകരിക്കുന്നതിന് 16.04.2023 ലെ സ.ഉ.(സാധാ)നം.234/2023/സഹ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ളതാണ്. ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**2.കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി**

1969 ലെ കേരള സംസ്ഥാന സഹകരണ സംഘം നിയമം പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നതും സ്കീമിൽ അംഗങ്ങളുമായ സംഘങ്ങൾ ലിക്വിഡേഷനിലാകുമ്പോൾ ടി സംഘങ്ങളിലെ നിക്ഷേപകർക്ക് പരമാവധി 5 ലക്ഷം രൂപ വരെയുള്ള നിക്ഷേപം തിരികെ നൽകുന്നതിനുള്ള സഹകരണ വകുപ്പിന്റെ പദ്ധതിയാണ് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി. ലിക്വിഡേറ്റ് ചെയ്ത സംഘത്തിലെ നിക്ഷേപകന് സെറ്റിൽമെന്റ് ഓഫ് ക്ലെയ്മായിട്ടാണ് തുക നൽകുന്നത്.

ഒരു സംഘം വിവിധ കാരണങ്ങളാൽ തകർച്ചയിലേയ്ക്ക് പോകുന്നുവെന്ന് സഹകരണ വകുപ്പ് കണ്ടെത്തി സംഘത്തിന്റെ അപേക്ഷയും അംഗീകരിച്ചതിരിച്ചടവ് ഷെഡ്യൂൾ, പുനരുദ്ധാരണ പാക്കേജ് എന്നിവ സഹിതം സഹകരണ സംഘം രജിസ്ട്രാർ ശിപാർശ ചെയ്ത് സമർപ്പിക്കുന്ന മുറയ്ക്ക് സംഘത്തിന്റെ സെക്യൂരിറ്റികൾ/ആസ്തികൾ ഈടായി സ്വീകരിച്ചുകൊണ്ട് നിക്ഷേപകർക്ക് നിക്ഷേപം മടക്കിനൽകുന്ന ആവശ്യത്തിലേയ്ക്കായി നിശ്ചിത തുക ടി സംഘത്തിന് വായ്പയായി അനുവദിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തി കേരള സഹകരണ നിക്ഷേപ

ഗ്യാരന്റി പദ്ധതി -2018 പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

3 . **<u>കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി</u>**

കേരള സഹകരണ നിയമം വകുപ്പ് 57 (ഡി) പ്രകാരം രൂപീകരിച്ച "കേരള സഹകരണ കടാശ്വാസ പദ്ധതി 2008 (Risk fund Scheme)" കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് മുഖേനയാണ് നടപ്പിലാക്കി വരുന്നത്.
കേരള സഹകരണ നിയമം പ്രകാരം രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന വിവിധ വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസങ്ങൾക്കുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കിനില്ക്കുന്ന ബാദ്ധ്യതയിൽ നിന്ന് അവരെ ഒഴിവാക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് കേരള സഹകരണ കടാശ്വാസ പദ്ധതി 2008/ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി 2008.

**4. <u>അംഗ സമാശ്വാസ നിധി പദ്ധതി</u>**

ഗുരുതര രോഗം ബാധിച്ച സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് ധനസഹായം നൽകുന്നതിനായി കേരള സഹകരണ അംഗ സമാശ്വാസ നിധി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ടി പദ്ധതി മുഖേന അർഹരായവർക്ക് ധന സഹായ വിതരണം നടത്തി വരുന്നു

1969 ലെ സഹകരണസംഘം നിയമം വകുപ്പ് 56(1) സി ചട്ടം 53 എ പ്രകാരമാണ് കേരള സഹകരണ അംഗ സമാശ്വാസ നിധി രൂപീകരിച്ചിട്ടുള്ളത്. സർക്കാരിന്റെ 22.6.2018 ലെ സ.ഉ.(കൈ)നം. 22/2018/സഹ നമ്പർ ഉത്തരവ് പ്രകാരം സ്കീം അംഗീകരിച്ചു ഉത്തരവായിട്ടുണ്ട്. 02.11.2020 ലെ സ.ഉ(കൈ) നം 23/2020/സഹ നമ്പർ ഉത്തരവ് പ്രകാരം നിഷ്കർഷിച്ച വിഭാഗത്തിൽപെട്ട ഗുണഭോക്താക്കളെയാണ് പരിധിയിൽ ഉൾപ്പെട്ടുത്തിയിരിക്കുന്നത്.

**5<u>. സമഗ്ര നിയമ ഭേദഗതി</u>**

സംസ്ഥാനത്തെ സഹകരണ മേഖലയുടെ സമഗ്ര പരിഷ്കരണം ലക്ഷ്യമിട്ടും ക്രമക്കേടുകൾ തടയുന്നതിനുമായി കേരള സഹകരണ സംഘം (മൂന്നാം ഭേദഗതി) ബിൽ പാസ്സാക്കുകയുണ്ടായി. ടി

നിയമ ഭേദഗതിയുടെ അടിസ്ഥാനത്തിൽ കേരള സഹകരണ സംഘം ചട്ടം ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**6.മുറ്റത്തെ മുല്ല**

സമൂഹത്തിന്റെ താഴെ തട്ടിലുള്ളവർ കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽ നിന്നും ഒഴിവാക്കി, സഹായിച്ചു കൊണ്ട് സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് മുറ്റത്തെ മുല്ല ഗ്രാമീണ ലഘു വായ്പാ പദ്ധതി നടപ്പിലാക്കി വരുന്നു.

**7.ബ്രാൻഡിംഗ് ആന്റ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്**

സഹകരണ ഉൽപ്പന്നങ്ങൾക്ക് ഏകീകൃത ബ്രാന്റിംഗ് കൊണ്ടുവന്ന് വിപണി നേടുക എന്ന ലക്ഷ്യത്തോടെ "ബ്രാൻഡിംഗ് ആന്റ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതി സഹകരണ വകുപ്പ് വിഭാവനം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ആദ്യ ഘട്ടം ആരംഭിച്ച 14 കോപ്പ്മാർട്ടുകൾക്ക് പുറമെ പുതിയ 16 കോപ്പ്മാർട്ടുകൾ കൂടി ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതാണ്. ഉപരിയായി പുതിയ 200 കോപ്പ്മാർട്ടുകൾ ആരംഭിക്കുന്നതിനു വേണ്ടി സന്നദ്ധതയുള്ള പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിയും അന്തിമഘട്ടത്തിലാണ്.പദ്ധതിയുടെ ഭാഗമായി സഹകരണ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരത്തിന്റെയും നിലവിലുള്ള സുരക്ഷ സ്റ്റാൻഡേർഡുകളുടെയും അടിസ്ഥാനത്തിൽ സെൻട്രൽ ഗവണ്മെന്റ് അംഗീകാരമുള്ള **coopkerala** സർട്ടിഫിക്കേഷൻ മാർക്ക് നൽകുകയും ചെയ്യുന്നുണ്ട്.

8. **ഇ- കോമേഴ്സ് പ്ലാറ്റ് ഫോം പദ്ധതി**

"ബ്രാൻഡിംഗ് ആന്റ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതിയുടെ ഭാഗമായി സഹകരണ ഉൽപ്പന്നങ്ങൾക്ക് ഓൺലൈൻ വിപണി ഒരുക്കുകയുണ്ടായി. കോപ്കേരള (coopkerala) ബ്രാന്റോടുകൂടി 100 ഉൽപ്പന്നങ്ങൾ ആമസോൺ ഓൺലൈൻ പ്ലാറ്റ്ഫോമിൽ ചെയ്യുവാൻ ലക്ഷ്യമിട്ടിരുന്നിടത്ത് 92 സംഘങ്ങളുടെ ഉൽപ്പന്നങ്ങൾ ഇതിനകം അപ്ലോഡ് ആയിട്ടുള്ളതും ആയതുൾപ്പടെ മൊത്തത്തിൽ 228

ഉൽപ്പന്നങ്ങൾ, എല്ലാവിധ നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് അപ് ലോഡിംഗ് ഘട്ടത്തിലുമാണ്.

കൂടാതെ സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ അമേരിക്ക, ബ്രിട്ടൻ, ന്യൂസിലാന്റ്, യു. എ.ഇ., ഒമാൻ, ദുബായ്, ഖത്തർ തുടങ്ങിയ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്തു വരുന്നതുമാണ്.

**9.യുവജന സഹകരണ സംഘങ്ങൾ**

സഹകരണ മേഖലയിലേയ്ക്ക് കൂടുതൽ യുവാക്കളെ ആകർഷിക്കുന്നതിനായി വിവിധ ജില്ലകളിലായി 32 യുവജന സഹകരണ സംഘങ്ങൾ രൂപീകരിച്ച് രജിസ്ട്രേഷൻ നടപടി പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

കോട്ടയം ജില്ലയിലെ വെളിയന്നൂർ ആസ്ഥാനമാക്കി രൂപീകരിച്ച് പ്രവർത്തിച്ച് വരുന്ന യുവജനസഹകരണ സംഘമായ ഈനാട് യുവജന സഹകരണ സംഘം കെ.1233. "ശുചിത്വം സഹകരണം" എന്ന പേരിൽ സംസ്ഥാനതല പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ശുചിത്വത്തിന്റെ പ്രാധാന്യം കുട്ടികളിലൂടെ സമൂഹത്തിൽ മാറ്റം ഉണ്ടാകുന്നതിന് അംഗൻവാടികളിലും, എൽ.പി. സ്കൂളുകളിൽ നിന്നും ഡ്രൈവേസ്റ്റ് ശേഖരിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തി കേരളത്തിലെ മുഴവൻ ജില്ലകളിലും ടി പദ്ധതി നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നു. ശുചിത്വ കേരളം എന്ന ലക്ഷ്യം യാഥാർത്ഥ്യമാക്കുവാൻ ഇ-മാലിന്യങ്ങൾ(ഇലക്ട്രോണിക് മാലിന്യം) ജൈവ അജൈവ മാലിന്യം എന്നിവയുടെ ശേഖരണവും അവയുടെ സംസ്കരണത്തിന് സംരംഭങ്ങൾ തുടങ്ങുകയും നിലവിലുള്ളവ ഏറ്റെടുത്ത് നടത്തുകയും ചെയ്യുക എന്ന ഉദ്ദേശത്തോടെയാണ് സംഘം പ്രവർത്തിക്കുന്നത്.

**10.** കോട്ടയം ആസ്ഥാനമായും കേരള സംസ്ഥാനം മുഴുവൻ പ്രവർത്തനപരിധിയായും Kerala State Artist & Artistes Co-operative Society Ltd. No. 4506 (AARTICS) എന്ന പേരിൽ കലാകാരൻമാരുടെ സഹകരണസംഘം രജിസ്റ്റർ ചെയ്യുകയുണ്ടായി.

11.പാലിയേറ്റീവ് കെയർ പദ്ധതി

ഗുണമേന്മയുള്ള സാന്ത്വന പരിചരണം സഹകരണ മേഖയിലൂടെ എന്ന ഉദ്ദേശ്യത്തോടെ സഹകരണ ആശുപത്രികളുടെ നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

വാർദ്ധക്യത്തെയും രോഗത്തെയും അഭിമുഖീകരിക്കുന്നവരും ആരും ആശ്രയമില്ലാതെ കഴിയുന്നവർക്കും ചികിത്സാ സൗകര്യവും പരിചരണവും ലഭ്യമാക്കുന്ന സംവിധാനമാണിത്.

**<u>12. നൈപുണ്യവികസനകേന്ദ്രം (Skill and Knowlege Development Centre)</u>**

കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ കീഴിൽ ആലപ്പുഴ ജില്ലയിലെ പുന്നപ്രയിൽ കിംബ് (K.I.M.B.)എന്ന സ്ഥാപനത്തെ നൈപുണ്യവികസനകേന്ദ്രമായി (Skill and Knowle്dge Development Centre) ഉയർത്തിയിട്ടുണ്ട്.

**13.** കേരളത്തിന്റെ ഗിഗ്/ഓൺലൈൻ പ്ലാറ്റ് ഫോം മേഖലയിൽ ജോലി ചെയ്യുന്നവരുടെ ക്ഷേമത്തിനായി ഒരു സഹകരണ സംഘം രൂപീകരിക്കുന്നതിനായി കേരളസ്റ്റേറ്റ് ഷോപ്സ് ആന്റ് കൊമേഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് എംപ്ലോയീസ് ഫെഡറൽ സഹകരണ സംഘം ക്ലിപ്തം നമ്പർ 4511ന്റെ നിയമാവലിയിൽ ഭേദഗതി വരുത്തി കൊണ്ട് ഗിഗ്/ ഓൺലൈൻ പ്ലാറ്റ് ഫോം മേഖലയിൽ ജോലി ചെയ്യുന്നവരെ അംഗങ്ങളാക്കി കേരള സ്റ്റേറ്റ് ഷോപ്സ് ആന്റ് കൊമേഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആന്റ് ഗിഗ് വർക്കേഴ്സ് വെൽഫയർ ഫെഡറൽ സഹകരണ സംഘം (kerala ShopCos Fed) എന്ന പേരിൽ തിരുവനന്തപുരം ആസ്ഥാനമാക്കി കേരളത്തിലെ എല്ലാ ജില്ലകളും പ്രവർത്തന പരിധിയായി നിശ്ചയിച്ചുകൊണ്ടുള്ള നിയമാവലി ഭേദഗതി അംഗീകരിക്കുകയും ചെയ്തു.

**14.** ഐ.റ്റി., ഐ.റ്റി. അനുബന്ധ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള യുവ സാങ്കേതിക വിദഗ്ധർ, പ്രൊഫഷണൽസ് എന്നിവരെ ഉൾപ്പെടുത്തി തിരുവനന്തപുരം ആസ്ഥാനമായി കേരള സ്റ്റേറ്റ് ഐ.റ്റി. പ്രൊഫഷണൽസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4515 രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പ്രൊഫഷണലുകളെയും, ശാസ്ത്രകാരന്മാരെയും അനുഭാവികളെയും അംഗങ്ങളാക്കി തിരുവനന്തപുരം ആസ്ഥാനമായി സയൻസ് ടെക്നോളജി ആന്റ് സോഷ്യൽ വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഓഫ് പ്രൊഫഷണൽ ആന്റ് എക്സ്പർട്ട്സ് സംഘം ക്ലിപ്തം നമ്പർ 4520 രൂപീകരിച്ചിട്ടുണ്ട്.

**15.** ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി സംസ്ഥാനത്തെ ഭിന്നശേഷിക്കാരുടെ

പുനരധിവാസം, വിദ്യാഭ്യാസ ഉന്നമനം, സാമ്പത്തിക പുരോഗതി, തൊഴിൽ ലഭ്യത എന്നിവ ലക്ഷ്യമാക്കി ഭിന്നശേഷിക്കാർക്കായി കോട്ടയം ജില്ല ആസ്ഥാനമായും സംസ്ഥാനം മുഴുവൻ പ്രവർത്തന പരിധിയാക്കി കേരള സംസ്ഥാന ഡിഫറൻഷലി ഏബിൾഡ് സഹകരണ സംഘം എന്ന പേരിൽ ഒരു സഹകരണ സംഘം രൂപീകരിച്ചിട്ടുണ്ട്.

**16.** കേരള സംസ്ഥാന സഹകരണ ബാങ്ക്/ അർബൻ സഹകരണ ബാങ്കുകൾ/പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന "സഹകരണം സൗഹൃദം" എന്ന പേരിൽ ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ട വ്യക്തികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പ വിതരണം ചെയ്യുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

**17.** ഉത്സവകാലങ്ങളിലുണ്ടാകുന്ന ക്രമാതീതമായ വിലക്കയറ്റം നിയന്ത്രിക്കുന്നതിനുവേണ്ടി സഹകരണവകുപ്പിന്റെ നേതൃത്വത്തിൽ കൺസ്യൂമർഫെഡ് മുഖേന പ്രാഥമിക സഹകരണ സംഘങ്ങളെ കൂട്ടി യോജിപ്പിച്ചുകൊണ്ട് 13 ഇനം നിത്യോപയോഗ സാധനങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നൽകുന്നതിന് സമാനമായ നിരക്കിൽ താത്ക്കാലിക വിപണികൾ മുഖേന നൽകി വരുന്നു. സാധാരണക്കാർക്ക് കുറഞ്ഞ ചെലവിൽ ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്യുന്നതിനായി സഹകരണ സംഘങ്ങളുടെ കീഴിൽ നീതി സ്റ്റോറുകൾ നടത്തി വരുന്നു. രോഗികൾക്ക് കുറഞ്ഞ ചെലവിൽ മരുന്നുകൾ ലഭ്യമാക്കുന്നതിനായി സഹകരണ സംഘങ്ങളുടെ കീഴിലും കൺസ്യൂമർഫെഡ് നേരിട്ടും നീതി മെഡിക്കൽ സ്റ്റോറുകൾ നടത്തിവരുന്നു.

**18.** പ്രകൃതി ദുരന്തങ്ങളുടെ, മഹാമാരിയുടെ, മറ്റ് അടിയന്തിര സാഹചര്യങ്ങളിൽ വരുമാനം നിലച്ചുപോകുന്ന കുടുംബങ്ങൾക്ക് ഇത്തരം അടിയന്തിര സാഹചര്യങ്ങളെ അതിജീവിക്കാൻ പാലക്കാട് ജില്ലയിൽ പൈലറ്റ് പ്രോജക്ടായി "കുടുംബത്തിന് ഒരു കരുതൽ ധനം" എന്ന നിക്ഷേപ പദ്ധതി നടപ്പിലാക്കി.

**19.** നിരാലംബരും അശരണരുമായ സഹകാരികളുടെ ചികിത്സാ സഹായത്തിനും ക്ഷേമത്തിനുമായി അശരണരായ സഹകാരികൾക്ക് ആശ്വാസനിധി എന്ന പദ്ധതി കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ട്.

**20.** കേരളത്തിലെ യുവജനങ്ങളെ സഹകരണ മേഖലയിൽ മുന്നോട്ട് കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ കോട്ടയം താലൂക്ക് യുവജന വനിതാ സഹകരണ സംഘം ക്ലിപ്തം നമ്പർ K1244, കണ്ണൂർ

| | | | |
|---|---|---|---|
| | | | ജില്ലാ യുവ വനിതാ മൾട്ടി പർപ്പസ് സഹകരണ സംഘം ക്ലിപ്തം നമ്പർ സി 2162, ൽ കൊരട്ടി യുവ വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ R 1566 എന്നീ മൂന്നു യുവ വനിത സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ